# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 187 — 17/02/2016-ൽ മറുപടിക്ക്

## ആദിവാസികളെ ചൂഷണത്തിനെതിരെ ബോധവൽക്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.ജെയിംസ് മാത്യു<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, എസ്.രാജേന്ദ്രൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | ആദിവാസികളെ ചൂഷണത്തിൽ നിന്നും മോചിതരാക്കുവാൻ ബോധവൽക്കരിക്കുന്നതിലുള്ള അധികാരികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br>പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ ചൂഷണങ്ങൾ തടയുന്നതിനെതിരെയും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയായും തദ്ദേശീയരായ അഭിഭാഷകരുടെയും പൊതുപ്രവർത്തകരുടേയും സഹകരണത്തോടുകൂടി നടപടികൾ സ്വീകരിക്കാറുണ്ട്. ജില്ലാതലത്തിൽ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന മോണിറ്ററിംഗ് കമ്മിറ്റിയും, സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി തലത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട അധികാരികളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. |
| (ബി) | അജ്ഞതമൂലം ആദിവാസികൾ നിയമ നടപടിക്ക് വിധേയ മാകുന്നത് ആവർത്തി ക്കാതിരിക്കാൻ പ്രസ്തുത വിഭാഗത്തെ ബോധവല്ക്കരിക്കു ന്നതിന് സാദ്ധ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്.<br>ജില്ലകളിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കുവേണ്ടി സെമിനാറുകൾ/ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡ് തലത്തിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ് മുഖേന സംഘടിപ്പിക്കാറുണ്ട്. എല്ലാ വർഷവും സാമൂഹിക ഐക്യദാർഢ്യ പക്ഷാചരണത്തോടനു ബന്ധിച്ച് ഇക്കാര്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ശാരീരികമായും മറ്റും ആദിവാസികൾ ഏതെല്ലാം തരത്തിൽ ഇപ്പോഴും ചൂഷണം ചെയ്യപ്പെടുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിലെ ദുർബലരും നിയമപരിരക്ഷകളെക്കുറിച്ച് അവബോധമില്ലാത്തവർക്കുമാണ് ഇപ്പോഴും പീഢനങ്ങളും ചൂഷണങ്ങളും അനുഭവപ്പെടുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത് തടയുന്നതിന് സാദ്ധ്യമാകാതെ പോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (ഡി) | അതിക്രമം തടയൽ നിയമം, വിദ്യാഭ്യാസ പുരോഗതി, ബോധവത്കരണം എന്നിവയിലൂടെ ആദിവാസികൾക്കെതിരെയുള്ള ചൂഷണങ്ങൾ തടയുന്നതിന് വകുപ്പിന് സാധിക്കുന്നുണ്ട്. എന്നിരുന്നാലും അജ്ഞതയിലൂടെയും നിഷ്കളങ്കതയിലൂടെയും സാമ്പത്തിക പ്രലോഭനങ്ങളിലൂടെയും ഇപ്പോഴും ചൂഷണങ്ങൾക്കിരയാകുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാറുണ്ട്. |

സെക്ഷൻ ഓഫീസർ